## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *262   11.12.2014-ൽ മറുപടിയ്ക്ക്

## വൈദ്യുതി പോസ്റ്റുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എ.അഹമ്മദ് കബീർ<br>,, സി.മമ്മുട്ടി<br>,, പി.ഉബൈദുള്ള<br>,, കെ.എം.ഷാജി | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലെ പാതകളിൽ വൈദ്യുതി പോസ്റ്റുകൾ, ടെലിഫോൺ, ടെലി വിഷൻ ഇന്റർനെറ്റ് കേബിളുകൾ, പൈപ്പ് ലൈനുകൾ എന്നിവ സ്ഥാപിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ വൈദ്യുത പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് പ്രത്യേകമായി അനുവാദം വാങ്ങേണ്ടതില്ല. എന്നാൽ ടെലിവിഷൻ, ഇന്റർനെറ്റ് എന്നിവയുടെ കേബിളുകൾ, പൈപ്പ് ലൈനുകൾ എന്നിവ പൊതുമരാമത്ത് വകുപ്പിന്റെ പാതകളിൽ സ്ഥാപിക്കുന്നതിന് അതാതു വകുപ്പുകൾ പൊതുമരാമത്ത് വകുപ്പിന് അപേക്ഷ നൽകുകയും റോഡ് വെട്ടിപ്പൊളിച്ചുണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള റെസ്റ്റോറേഷൻ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുകയും അപേക്ഷ, ശുപാർശ യോടുകൂടി ജില്ലാ കളക്ടർ ചെയർമാനായുള്ള വിവിധ വകുപ്പുകളുടെ ഏകോപന സമിതിയിൽ സമർപ്പിക്കുകയും സമിതിയുടെ അംഗീകാര ത്തോടെ റെസ്റ്റോറേഷൻ തുക അടച്ചശേഷം അനുവാദം കൊടുക്കുകയുമാണ് നിലവിലുള്ള വ്യവസ്ഥകൾ. |
| (ബി) ഇതിലെ വ്യവസ്ഥകൾ ലംഘി ക്കുന്നതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു ; അതിന് നിലവിലുള്ള സംവിധാന ങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | (ബി) ഇതിലെ വ്യവസ്ഥകൾ ലംഘിക്കുകയാണെ ങ്കിൽ അനുമതി റദ്ദാക്കുകയും നഷ്ടം ഈടാക്കുകയും ചെയ്യും. ജില്ലാതല കമ്മിറ്റി യാണ് നിയമനടപടികൾ സ്വീകരിക്കേണ്ടത്. |
| (സി) ഉപയോഗ രഹിതമായതും, വിവേ ചന രഹിതമായി പാതകളിലൂടെ സ്ഥാപിച്ചിട്ടുള്ളതുമായ കേബിളു കളും പൈപ്പുകളും ഉണ്ടാക്കുന്ന അപകടങ്ങളും മറ്റും തടയാൻ അടി യന്തര നിർദ്ദേശം നൽകുമോ ? | (സി) ഉപയോഗരഹിതമായതും വിവേചന രഹിത മായി പാതകളിലൂടെ സ്ഥാപിച്ചിട്ടുള്ളതുമായ കേബിളുകളും പൈപ്പുകളും ഉണ്ടാക്കുന്ന അപകടങ്ങളും മറ്റും തടയാൻ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ